ശ്രീ. കെ. നാരായണക്കുറുപ്പ്: ഇല്ല സർ, ഗവൺമെൻറിനു ബോദ്ധ്യമില്ല.

ശ്രീ. ഒ. ലൂക്കോസ്: ഒരു നാലംഗകമ്മിറ്റിയെ വച്ചിട്ടുണ്ടെന്നു പറഞ്ഞു. ആരൊക്കെയാണ് കമ്മിറ്റി അംഗങ്ങൾ. കള്ളുമായി ശരിക്കു ബന്ധമുള്ള, അതിനെപ്പറ്റി വിവരമുള്ള ആളുകളാണോ കമ്മിറ്റിയിലുള്ളത്?

ശ്രീ. കെ. നാരായണക്കുറുപ്പ്: കമ്മിറ്റി ഇപ്പോൾ നിലവിലില്ല. കമ്മിറ്റിയിൽ ഉണ്ടായിരുന്നവർ താഴെ പറയുന്നവരാണ്.

Dr. P.K. Joseph, Director, Industrial Testing Research; Shri Sreemulanathan, Senior Scientific Officer; Shri K.P. Prabhakaran, President, പെത്തുതൊഴിലാളി സഹകരണ സംഘം, Revenue Board-ന്റെ ഒരു പ്രതിനിധി.

ശ്രീ. ടി.കെ. രാമകൃഷ്ണൻ: ആദ്യം പറഞ്ഞത് കമ്മിറ്റി റിപ്പോർട്ട് ഗവൺമെൻറ് പരിശോധിച്ചു വേണ്ടതു ചെയ്യുമെന്നാണ്. ഇപ്പോൾ കമ്മിറ്റി നിലവിലില്ല. ഇടക്കാല റിപ്പോർട്ടേ കിട്ടിയിട്ടുള്ളൂ എന്നു പറയുന്നു. പിന്നെ എങ്ങനെയാണ് അവരുടെ റിപ്പോർട്ട് വരുത്തി പരിശോധിക്കുന്നത്.

ശ്രീ. കെ. നാരായണക്കുറുപ്പ്: കമ്മിറ്റി അന്തിമറിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്; ഗവൺമെൻറിന്റെ മുമ്പിൽ എത്തിയിട്ടില്ല. അതു പരിശോധിച്ചിട്ടില്ല.

ശ്രീ. വി. ജെ. ജോസഫ്: കള്ളിൽ മായംചേർക്കാൻ ഉപയോഗിക്കുന്ന കുമ്പളങ്ങ ആരോഗ്യത്തിനു ഹാനികരമാണെന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു കർശനമായി തടയാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കുമ്പളങ്ങാകള്ള് ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുമ്പളങ്ങാ മാത്രം ചേർത്താൽ ആയുർവ്വേദവിധി പ്രകാരം നല്ലതായിരിക്കും; മറ്റു പലതും ചേർക്കാതിരുന്നാൽ മതി.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ ചാർജ്ജ് നിരക്ക്

* 633 [690] ശ്രീ. കെ.എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാസ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക ബസ്സുകളിൽ ചാർജ്ജ് നിരക്ക് നിജപ്പെടുത്തിയിരിക്കുന്നതു എന്തടിസ്ഥാനത്തിലാണ്;

(ബി) പ്രധാന റൂട്ടുകളിൽ ദൂരം വിവിധ സ്റ്റേറ്റുകളായി തിരിക്കുകയും ഒരു സ്റ്റേറ്റിന്റെ ദൂരത്തിന് നിരക്ക് നിജപ്പെടുത്തുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ഇന്നത്തെ സംവിധാനത്തിലെ അപാകതകൾ ഒഴിവാക്കുവാൻ ഈ നടപടി ഉപകരിക്കുമോയെന്ന് പരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) സ്റ്റേറേജ് കാരേജുകളിൽ ചാർജ് നിരക്ക് നിശ്ചയിക്കുന്നത് സർക്കാരിന്റെ നിർദ്ദേശാനുസരണം സ്റ്റേറേറ്റ് ട്രാൻസ്പോർട്ട് അതോറിട്ടിയുടെ അംഗീകാരത്തോടുകൂടെയാണ്. കെ.എസ്.ആർ.ടി.സി. വക ബസ്സുകൾ ഓടുന്ന റൂട്ടുകളിലും ചാർജ് നിരക്ക് ഗവൺമെന്റിന്റെ നിർദ്ദേശാനുസരണം സ്റ്റേറേറ്റ് ട്രാൻസ്പോർട്ട് അതോറിട്ടിയാണ് നിശ്ചയിക്കുന്നത്. ഗവൺമെന്റ് ഉത്തരവ് ജി.ഒ. (പി/63/76 പി. ഡബ്ലിയു. തീയതി 18.3.1976 പ്രകാരം ആണ് നിലവിലുള്ള ചാർജ് നിരക്കുകൾ നിശ്ചയിച്ചിരിക്കുന്നത്.

(ബി) ചാർജ് വസൂലാക്കുന്നത് സ്റ്റേറേജ് അനുസരിച്ചാണ്. സ്റ്റേറോപ്പുകൾ കണക്കാക്കി ചാർജ് നിശ്ചയിക്കാനും വസൂലാക്കുന്നതിനും ബുദ്ധിമുട്ടുണ്ട്.

(സി) പരിശോധിക്കുന്നതാണ്.

ഗിരിവർഗ്ഗക്കാരുടെ പുരോഗതിക്ക് ആവശ്യമായ റോഡുകൾ

* 634 [691] ശ്രീ. വി.ജെ. ജോസഫ്:

,, കെ.വി. കുര്യൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിരിവർഗ്ഗക്കാരുടെ പുരോഗതിക്ക് അത്യാവശ്യമായിട്ടുള്ളതും അവരുടെ കോളനികളെ പരിഷ്കൃത ലോകവുമായി ബന്ധിപ്പിക്കുന്നതിന് ആവശ്യവുമായ റോഡുകളുണ്ടോ;

(ബി) ഇല്ലെങ്കിൽ അവരുടെ യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) മലയോര പ്രദേശങ്ങളിലുള്ള ഗിരിവർഗ്ഗസങ്കേതങ്ങളിലേക്ക് മതിയായ വിധത്തിൽ റോഡുകളില്ല.

(ബി) ഗിരിവർഗ്ഗക്കാരുടെ ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന്റെ ഫണ്ടിൽനിന്നും ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ആയി നീക്കിവച്ചിട്ടുള്ള പത്തു ശതമാനം തുക വിനിയോഗിച്ചും, ട്രൈബൽ സബ്പ്ലാൻ ഇനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റിൽ ട്രൈബൽ പ്രദേശങ്ങളുടെ വികസനത്തിന് നീക്കിവച്ചിട്ടുള്ള തുക വിനിയോഗിച്ചും, ട്രൈബൽ സബ് പ്ലാൻ ഇനത്തിൽ ലഭ്യമാകുന്ന പ്രത്യേക കേന്ദ്ര സഹായത്തിന്റെ ഒരു വിഹിതം വിനിയോഗിച്ചും ആവശ്യമായ റോഡുകൾ നിർമ്മിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly